# കോവിഡ്  കാലത്തെ കുടുംബശ്രീ പ്രവർത്തനങ്ങൾ
# നെടുമ്പാശ്ശേരി സി ഡി സ്

കേരളത്തിനെ കുടുംബശ്രീക്ക് 22 വയസ്സാകുന്നു. കുടുംബശ്രീ സംഘടന പ്രവർത്തനം ആരംഭിച്ചപ്പോൾ ദാരിദ്ര്യ നിർമ്മാർജനം ആയിരുന്നു ലക്ഷ്യമെങ്കിൽ പിന്നീട് ദാരിദ്ര്യ ലഘൂകരണമായി തുടർന്ന് ലോകത്തിനു തന്നെ മാതൃകയാകുന്ന തലത്തിലേക്ക് കുടുംബശ്രീ വളർന്നു . ഈ വളർച്ചയുടെ ഓരോ പടവിലും കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പങ്ക് വളരെ വലുതാണ്.226 അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്ന നെടുമ്പാശ്ശേരി സി ഡി എസിൽ 4230 സ്ത്രീകളാണ് അംഗങ്ങൾ ആയിട്ടുള്ളത്. സൂക്ഷ്മ സംരംഭങ്ങൾ 25 ഉം കാർഷിക സംഘങ്ങൾ 23 ഉം ആണ് സി ഡി സ് ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നത്.

കോവിഡ്-19 പടർന്നു പിടിക്കാത്തതിന്റെ പ്രധാന കാരണം കുടുംബശ്രീ പോലുള്ള ശക്തമായ അടിത്തറ നമ്മുക്ക് ഉണ്ട് എന്നതാണ്. ലോക്ക് ഡൌൺ പ്രഖ്യാപിച്ച സമയത്ത് എടുത്ത് പറയേണ്ട വിവിധ പദ്ധതികൾ നെടുമ്പാശ്ശേരി സി ഡി സിന്റെ നേതൃത്യത്തിൽ നടപ്പിലാക്കുകയുണ്ടായി.അവയിൽ പ്രധാന പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു.

## ബോധവൽക്കരണ പ്രവർത്തനങ്ങൾ

**ബ്രേക് ദി ചെയിൻ** ക്യാമ്പയിൻ ന്റെ ഭാഗമായി ഔദ്യഗി ക ആശയങ്ങൾ കൈമാറുന്നതിനായും ഏറ്റവും താഴെ തട്ടിലുള്ള ആളുകൾക്കിടയിലേക്ക് വിവരങ്ങൾ എത്തിക്കുന്നതിനും വേണ്ടി സി ഡി സന്റെ നേതൃതത്തിൽ വാട്സ് ആപ് ഗ്രൂപ്പുകൾ തുടങ്ങുകയും അതിലൂടെ കോവിടുമായി ബൻധപ്പെട്ടു സർക്കാരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പ്രതിരോധ പ്രവർത്തങ്ങൾ എന്നിവ കൃത്യതയോടെ ആളുകൾക്കിടയിലേക്ക് എത്തിക്കുകയും ചെയ്തു.

## കമ്മ്യൂണിറ്റി കിച്ചൻ

സി ഡി സന്റെ നേതൃത്യത്തിൽ 10 പേരടങ്ങുന്ന കമ്മ്യൂണിറ്റി കിച്ചൻ 38 ദിവസം പ്രവർത്തിച്ചു . അഗതികൾ,വയോജനങ്ങൾ, ഒരു നേരത്തെ ഭക്ഷണത്തിനു പോലും വകയില്ലാത്ത ആരോരുമില്ലാത്തവർ എന്നിവർ ഉൾപ്പെടെ **11775** ആളുകൾക്ക് സൗജന്യമായി ഭക്ഷണം വിതരണം ചെയ്തു. ക്വാറണ്ടൈനിൽ കഴിയുന്ന ആളുകൾക്ക് സമയത്ത് ഭക്ഷണം എത്തിക്കുന്നതിനും കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനത്തിലൂടെ സാധിച്ചു. ഓരോ ദിവസത്തേക്കും ആവശ്യമായ പച്ചക്കറികൾ കിച്ചണിലേക്ക് നൽകിയത് കുടുംബശ്രീയുടെ **ജെ. ൽ. ജി** ഗ്രൂപ്പുകൾ ആണ്. പല ചരക്ക് സാധനങ്ങൾ പഞ്ചായത്തിന്റെ സഹകരണത്തോടെ ശേഖരിച്ചു നൽകി.










## തുണി സഞ്ചി നിർമാണവും മാസ്ക് നിർമാണവും

പ്രാദേശികമായി മാസ്കിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കുടുംബശ്രീയുടെ തയ്യൽ യൂണിറ്റുകൾ മുഘേന 5000 മാസ്ക്കുകൾ നിർമ്മിച്ചു. പോലീസ് സ്റ്റേഷൻ, പി. എച്ച് . സി, തൊഴിലുറപ്പു തൊഴിലാളികൾ എന്നിവർക്ക് വേണ്ടി മാസ്ക് നിർമ്മാണം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. കൂടാതെ സിവിൽ സപ്ലൈസ്ആവശ്യമായ തുണി സഞ്ചി നിർമാണവും കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം ചെയ്തു വരുന്നു.

## സന്നദ്ധ സേന

78 കുടുംബശ്രീ അംഗങ്ങൾ സന്നദ്ധ സേനയിൽ രജിസ്റ്റർ ചെയ്തു. ഗൾഫ് നാടുകളിൽ നിന്നും മടങ്ങി വന്നു വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്ന ആളുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ,സഹായങ്ങൾ എന്നിവ നൽകുന്നതിനും സാമൂഹ്യ അടുക്കളയിൽ നിന്നുള്ള ഭക്ഷണം എന്നിവ എത്തിക്കുന്നതിനും കുടുംബശ്രീ വോളന്റിയർമാർ മുഖേന സാധിക്കുന്നു.

കേരളത്തിലെ തന്നെ ആദ്യത്തെ ബാല പഞ്ചായത്തായ നെടുമ്പാശ്ശേരിയിൽ 23 ബാലസഭകൾ ആണ് ഉള്ളത്. ലോക്ക് ഡൌൺ സമയത്തെ പിരിമുറുക്കം കുറയ്ക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലാമിഷന്റെ നേതൃത്യത്തിൽ സംഘടിപ്പിച്ച '**വലിയ ലോകവും ചെറിയകുട്ടികളും**' ഓൺലൈൻ മത്സരത്തിലും പരിസ്ഥിതിദിനത്തോടനുബന്ധിച്ചു സംഘടിപ്പ്പിച്ച '**സർഗം- നമ്മുക്ക് ചുറ്റും**' എന്ന മത്സരത്തിലും ബാലസഭ കുട്ടികൾ പങ്കെടുത്തു.

**മുഖ്യമന്ത്രിയുടെ സഹായ വായ്പ പദ്ധതി**യനുസരിച്ച് വിശദമായ പരിശോധനയ്ക്ക് ശേഷം **165** അയൽക്കൂട്ടങ്ങളുടെ വായ്പ അപേക്ഷ ബാങ്കുകളിൽ സമർപ്പിച്ചു. ഏപ്രിൽ 22 നു ഔദ്യോഗികമായി ആരംഭിച്ച ഈ പദ്ധതി പ്രകാരം നെടുമ്പാശ്ശേരി സി. ഡി. എസ്സിലെ **1832** അംഗങ്ങൾക്ക് **1,72,90,000** രൂപ വായ്പയായി കുടുംബശ്രീ അംഗങ്ങൾക്ക് ലഭിക്കും.

ഓരോ മേഖലയിലും കാലത്തിനൊത്ത് കൂടുതൽ വൈദ്യഗ്ദ്യത്തോടെ മുന്നേറുകയാണ് ഇന്ന് കുടുംബശ്രീ. കോവിഡ് പ്രതിരോധത്തിൽ, പ്രളയ കാലത്ത് എന്നിങ്ങനെ ഏത് അടിയന്തിര കാലഘട്ടത്തിലും ഒത്തൊരുമയിലൂടെ സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർ ത്തിക്കുന്നതിലും ഏത് പ്രത്യാഘാതത്തെയും അതിജീവിച്ച് നമുക്കൊരുമിച്ച് മുന്നേറാം എന്ന ഉറച്ച വിശ്വാസത്തിൽ ലോകത്തിനു മുൻപിൽ മാതൃകയായി ഇന്ന് കുടുംബശ്രീ വളർന്നിരിക്കുന്നു.

| തയ്യാറാക്കിയത് | |
|---|---|
| ഷീല ബഹനൻ | രാജശ്രീ ചന്ദ്രൻ |
| ചെയർ പേഴ്സൺ | ബ്ലോക്ക് കോ-ഓർഡിനേറ്റർ |
| നെടുമ്പാശ്ശേരി സി ഡി എസ് | SD & DDU GKY |
| 8848515547 | പാറക്കടവ് ബ്ലോക്ക് |
| | 9447864718 |